# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.690 | 13.06.2012 ൽ മറുപടിക്ക്

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ: | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനായി ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) യും (ബി) യും | കേരള സംസ്ഥാനത്ത് ആലപ്പുഴയിൽ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി എന്നിങ്ങനെ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ പേരിൽ റ്റി.ഡി.മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് 8.12 ഏക്കർ സ്ഥലം ഉള്ളതിൽ 5 ഏക്കർ സ്ഥലം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിക്ക് പാട്ടത്തിന് നൽകുകയും ബാക്കി 3.12 ഏക്കർ സ്ഥലം കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസിന്റെ പേരിൽ തന്നെ നില നിൽക്കുകയും ചെയ്യുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത സ്ഥലത്തിന് ചുറ്റുമതിൽ കെട്ടി കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി. എന്നാൽ ഫണ്ടിന്റെ അഭാവം |
| (ബി) | ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | മൂലം കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസിന്റെ സ്ഥലത്ത് യാതൊരു പ്രവർത്തനവും നടത്താൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് 15.11 കോടി രൂപയുള്ള പുതുക്കിയ എസ്റ്റിമേറ്റ് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റസർച്ചിന് (ICMR) നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന് അനുമതി കിട്ടിയശേഷമേ കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയൂ. |
| (സി) | വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ റീജീയണൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിനായി കേന്ദ്ര സർക്കാർ എന്തു തുക അനുവദി ച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ആലപ്പുഴ കളക്ടറേറ്റിൽ നടന്ന മീറ്റിംഗിൽ കേന്ദ്ര ആരോഗ്യ വകുപ്പ് സഹമന്ത്രി ശ്രീ.സുദീപ് ബന്ദോപാദ്ധ്യായ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിരുന്നു. കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ.ഗുലാംനബി ആസാദ് കഴിഞ്ഞ വർഷത്തെ നേഹ്റു ട്രോഫി വള്ളം കളി ചടങ്ങിന്റെ പൊതു സമ്മേളനത്തിൽ 65 കോടി രൂപ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദി ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ തുക ഇതുവരെയും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ